# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410** **10-10-2024 - ൽ മറുപടിയ്ക്ക്**

## എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന ലീവ് വേക്കൻസികളിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന ലീവ് വേക്കൻസികളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | മാനദണ്ഡം പാലിക്കാതെ ദിവസവേതന നിയമനം നടത്തിയാൽ പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ ചട്ടത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ തന്നെ അപ്രകാരമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുകയുമില്ല. KER അധ്യായം 21 ചട്ടം 7(4) പ്രകാരം അവധിഒഴിവുകളിൽ ചട്ടപ്രകാരമുള്ള അവകാശികൾക്ക് വിധേയമായി സംരക്ഷിതരെയാണ് നിയമിക്കേണ്ടത്. 30 ദിവസത്തിലധികമുള്ളതും ഒരക്കാഡമിക വർഷത്തിൽ കവിയാത്തതുമായ ഒഴിവുകളിൽ വർഷം തോറുമുള്ള സർക്കാർ ഉത്തരവ് പ്രകാരം ദിവസവേതന നിയമനം അനുവദിക്കും. |
| (ബി) | ഇത്തരത്തിൽ മാനേജർമാർ ദിവസ വേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങൾ പിന്നീട് പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിക്കാത്തതു കാരണം അധ്യാപകർക്ക് വേതനം കിട്ടാത്തത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | മാനദണ്ഡം പാലിക്കാതെ ദിവസവേതന നിയമനം നടത്തിയാൽ പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ ചട്ടത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ തന്നെ അപ്രകാരമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുകയുമില്ല. KER അധ്യായം 21 ചട്ടം 7(4) പ്രകാരം അവധിഒഴിവുകളിൽ ചട്ടപ്രകാരമുള്ള അവകാശികൾക്ക് വിധേയമായി സംരക്ഷിതരെയാണ് നിയമിക്കേണ്ടത്. 30 ദിവസത്തിലധികമുള്ളതും ഒരക്കാഡമിക വർഷത്തിൽ കവിയാത്തതുമായ ഒഴിവുകളിൽ വർഷം തോറുമുള്ള സർക്കാർ ഉത്തരവ് പ്രകാരം ദിവസവേതന നിയമനം അനുവദിക്കും. |
| (സി) | മാനദണ്ഡങ്ങൾ പാലിക്കാതെ നിയമിതരാകുകയും അതിനു ശേഷം വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ അധ്യാപകർക്ക് നൽകാനുള്ള വേതനം മാനേജർമാരിൽനിന്നും ഈടാക്കി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള വ്യവസ്ഥ | (സി) | വേതനം മാനേജരിൽ നിന്നും ഈടാക്കാൻ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ സ്പഷ്ടമായ വ്യവസ്ഥകൾ ഇല്ല. വകുപ്പിന്റെ നിർദ്ദേശം ലംഘിക്കുന്ന മാനേജർമാരെ അയോഗ്യരാക്കുന്നത് സംബന്ധിച്ച KER അധ്യായം III ൽ ചട്ടം 7 എന്ന പൊതുചട്ടമേ ഉള്ളൂ. KER ചട്ടങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്ന നടപടികൾ തുടർന്നു വരികയാണ്. ഈ വിഷയവും പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ